**QP CODE** **Enrollment Number: ………………**

**A4013** **Name: ………………………………**

# BA DEGREE EXAMINATIONS, DECEMBER 2024

## Fourth Semester

## B.A. Malayalam Language and Literature

## B21ML01DE – അച്ചടിമാധ്യമം - തത്ത്വവും പ്രയോഗവും

## (2022 admissions)

**Time: 3 Hours** **Max Marks: 70**

### സെക്ഷൻ എ

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം**

1. കമ്യൂണിക്കേഷൻ എന്ന പദം രൂപം കൊണ്ടത് ഏത് പദത്തിൽ നിന്നാണ് ?
2. ആശയ വിനിമയത്തിൽ സന്ദേശം അയയ്ക്കുന്ന വ്യക്തിയെ വിളിയ്ക്കുന്ന പേരെന്ത്?
3. ബഹുജന ആശയവിനിമയ മാതൃകയ്ക്ക് ഉദാഹരണം എഴുതുക.
4. www എന്നതിന്റെ പൂർണ്ണ രൂപം എഴുതുക.
5. പൊതുസമൂഹത്തെ ലക്ഷ്യം വയ്ക്കുന്ന എഡിറ്റോറിയൽ കോളത്തിന്റെ പേരെന്ത്?
6. വെബ് ലോഗ് എന്നതിന്റെ ചുരുക്കെഴുത്ത് എന്താണ്?
7. കടലാസ് കണ്ടുപിടിച്ച രാജ്യം ഏത്?
8. ടെലിവിഷനിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട പാവയേത്?
9. തൽസമയ സംപ്രേഷണത്തിന്റെ മറ്റൊരു പേരെന്ത്?
10. ഒരു റിപ്പോർട്ടർക്ക് ആവശ്യമായ പ്രധാന ഗുണം എന്ത് ?
11. പത്രപ്രവർത്തന മേഖലയിലെ അലിഖിത നിയമം എന്ത്?
12. കാർട്ടൂൺ എന്ന ഇറ്റാലിയൻ പദത്തിന്റെ അർത്ഥം എന്താണ്?
13. വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ആവശ്യത്തിലധികം പ്രാധാന്യം കൊടുത്തുകൊണ്ട് നൽകുന്ന വാർത്ത അറിയപ്പെടുന്നതെങ്ങനെ?
14. വസ്തുനിഷ്ഠമായ വിവരങ്ങൾ നൽകുന്ന വാർത്തകൾ അറിയപ്പെടുന്നത് എങ്ങനെ?
15. പത്രത്തിന്റെ പ്രധാന ദൗത്യം എന്ത്?

**(1X10=10)**

### സെക്ഷൻ ബി

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്കു വീതം**

16. സന്ദേശം എന്നാൽ എന്ത് ?
17. ബഹുജനമാധ്യമങ്ങളെ എങ്ങനെയെല്ലാം തിരിക്കാം? ഏതെല്ലാം?
18. ഇ-മെയിൽ എന്നാൽ എന്ത് ?

19. നിർവചിക്കുക - മാധ്യമം.
20. വിവിധതരം വാർത്തകൾ ഏതെല്ലാം?
21. ഹാൻഡ്ഔട്ടുകൾ എന്നാൽ എന്ത്?
22. യെല്ലോ ജേർണലിസം എന്നാൽ എന്ത്?
23. മാധ്യമ സെൻസറിങ് എന്നാൽ എന്ത് ?
24. പത്രത്തിലെ കാർട്ടൂണുകളുടെ സവിശേഷത എന്ത് ?
25. എന്താണ് റിപ്പോർട്ടിംഗ്?

**(2X5=10)**

## സെക്ഷൻ സി

**ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്കു വീതം**

26. ഏതെങ്കിലും നാല് വാർത്താനിർവചനങ്ങൾ എഴുതുക.
27. റിപ്പോർട്ടിംഗ് മേഖലയിലെ നൂതന പ്രവണതകൾ പരിചയപ്പെടുത്തുക.
28. മിഡിൽ പീസ് എന്നാൽ എന്ത് ?
29. ഫീച്ചറുകളുടെ സവിശേഷതകൾ എന്തെല്ലാം?
30. ആശയവിനിമയത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?
31. വാർത്താവബോധം എന്നാൽ എന്ത് ?
32. ഏതെങ്കിലും മൂന്നു വാർത്തേതര രചനകൾ പരിചയപ്പെടുത്തുക.
33. പെയ്ഡ് ന്യൂസ് എന്നാൽ എന്ത് ?
34. സ്റ്റിംഗ് ഓപ്പറേഷൻ എന്നാൽ എന്ത് ?
35. അഭിമുഖങ്ങൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?
36. മാർഷൽ മക്ലൂഹൻ - കുറിപ്പ് തയ്യറാക്കുക.
37. പത്രപ്രവർത്തനവും ആനുകാലിക പ്രസിദ്ധീകരണങ്ങളും തമ്മിലുള്ള ബന്ധം എന്ത് ?

**(5X6=30)**

## സെക്ഷൻ ഡി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരമെഴുതുക. പത്തു മാർക്ക് വീതം**

38. ആശയവിനിമയത്തിന്റെ നിർവചനങ്ങൾ എഴുതി ബഹുജന ആശയവിനിമയത്തിന്റെ സവിശേഷതകൾ വിശദമാക്കി ഉപന്യാസം തയ്യാറാക്കുക.
39. ഒരു വാർത്താ ലേഖകന് ഉണ്ടായിരിക്കേണ്ട പ്രധാന ഗുണങ്ങൾ വിശദീകരിച്ച് ഉപന്യാസം തയ്യാറാക്കുക.
40. മാധ്യമങ്ങളും സമൂഹവും തമ്മിലുള്ള ബന്ധം, മാധ്യമധാർമികത എന്നിവ വിശദമാക്കി ഉപന്യാസം തയ്യാറാക്കുക.
41. ഇൻറർനെറ്റും നവസാങ്കേതികതയും മാധ്യമരംഗത്തെ മാറ്റിമറിച്ചത് എങ്ങനെയെന്ന് വിശദമാക്കി ഉപന്യാസം തയ്യാറാക്കുക

**(10X2=20)**